# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2436 20/06/2012-ൽ മറുപടിക്ക്

## റ്റി. ആർ.ഡി.എം. പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. വി. വിജയദാസ് | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ഈ സർക്കാർ അധികാരമേറ്റ ശേഷം റ്റി.ആർ.ഡി.എം വഴി എത്ര പേർക്ക് ഭൂമിയും പുതിയതായി വീടും നൽകിയിട്ടുണ്ടെന്നുള്ള വിവരം നൽകുമോ; | എ | ഈ സർക്കാർ അധികാരമേറ്റ ശേഷം ടി.ആർ.ഡി.എം. വഴി 512 കുടുംബങ്ങൾക്ക് ഭൂമിയും 702 കുടുംബങ്ങൾക്ക് പുതിയതായി വീടും നൽകിയിട്ടുണ്ട്. |
| ബി | പുനരധിവാസകേന്ദ്രങ്ങളിൽ ഇപ്പോഴും വന്യമൃഗങ്ങളുടെ ആക്രമണം ഉണ്ടാകാറുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | ബി | ഉണ്ട്. ചിന്നക്കനാൽ പുനരധിവാസ മേഖലയിൽപ്പെട്ട സിങ്കുകണ്ടം - 301 കോളനിയിൽ താമസിച്ചിരുന്ന ശ്രീ. മണി എന്നയാളെ കോളനിയിലേക്ക് വരുന്ന വഴിയിൽ ആനയിറങ്കൽ ഡാമിനടുത്ത് വച്ച് 15.05.2012 ന് കാട്ടാന ആക്രമിക്കുകയും മൂന്ന് ദിവസത്തിനു ശേഷം കോട്ടയം മെഡിക്കൽ കോളേജിൽ വച്ച് ടിയാൻ മരണപ്പെടുകയും ചെയ്തു. |
| സി | പുനരധിവാസകേന്ദ്രങ്ങളിൽ പ്രത്യേകിച്ച് മറയൂർ, കുണ്ടള, ആറളം, ചിന്നക്കനാൽ മുതലായ പ്രദേശങ്ങളിൽ 'SOLAR FENCING' പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ; ആയത് എത്ര നാളുകൾക്കുള്ളിൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി | ഇടുക്കി ജില്ലയിലെ മറയൂർ, ചിന്നക്കനാൽ പുനരധിവാസ മേഖലയിലെ 80 ഏക്കർ, പന്തടിക്കളം എന്നീ കോളനികളിൽ സോളാർ ഫെൻസിംഗ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ചിന്നക്കനാൽ മേഖലയിലെ സിങ്ക്കണ്ടം - 301 കോളനിയിൽ ഭൂമി അനുവദിച്ച 301 പട്ടികവർഗ്ഗ കുടുംബങ്ങളിൽ 18 കുടുംബങ്ങൾ മാത്രമെ ഇപ്പോൾ അവിടെ താമസമുള്ളു എന്നതിനാൽ തൽക്കാലം ടി കോളനിയിൽ സോളാർ ഫെൻസിംഗ് നടത്തേണ്ട എന്നാണ് തീരുമാനിച്ചിട്ടുള്ളത്. ആറളം പുനരധിവാസ മേഖലയിൽ, പുനരധിവാസ മേഖലയ്ക്കും ആറളം വന്യമൃഗ സങ്കേതത്തിനുമിടയിൽ വനം വകുപ്പ് അതിർത്തി മതിൽ കെട്ടിക്കൊണ്ടിരിക്കുകയാണ്. കുണ്ടള കോളനിയിൽ സോളാർ ഫെൻസിംഗ് നടത്തുന്നത് പൂർത്തീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ